"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - **BAMS** യോഗ്യതയുള്ള സീനിയർ ക്ലാർക്ക് ശ്രീമതി.ഷീബാ ബീഗം എം.എസ്-ന് തിരുവനന്തപുരം ജില്ലയിൽ ആയുർവേദ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**465/2026/TAXES** തീയതി,തിരുവനന്തപുരം, **01-06-2026**

---

പരാമർശം:-
1. ശ്രീമതി ഷീബ ബീഗം എം.എസ്. ന്റെ 11.06.2025-ലെ സമർപ്പണം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **18/06/2025** ലെ **SLTY/2950/2024-E3** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീബാ ബീഗം എം.എസ് താൻ **BAMS** ബിരുദധാരിയാണെന്നും **5** വർഷത്തെ പഠന കാലയളവും **13** വർഷത്തെ പ്രവൃത്തി പരിചയവും കൊണ്ട് ആർജ്ജിച്ച അറിവുകൾ പ്രയോജനപ്പെടുത്തുന്നതിനായി, ജോലി സമയത്തെ ബാധിക്കാത്ത തരത്തിൽ പ്രവൃത്തി സമയം ഒഴികെയുള്ള സമയങ്ങളിലും അവധി ദിവസങ്ങളിലും പ്രതിഫലം പറ്റാതെ തിരുവനന്തപുരം ജില്ലയിൽ ആയുർവേദ മേഖലയിൽ ജോലി ചെയ്യുന്നതിന് അനുമതി നല്കണം എന്നാവശ്യപ്പെട്ട് പരാമർശം **(1)** പ്രകാരം നല്കിയ അപേക്ഷ പരാമർശം **(2)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീമതി ഷീബ ബീഗം എം.എസ്.-ന് സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ, ജോലി സമയത്തെ ബാധിക്കാത്ത തരത്തിൽ, പ്രവൃത്തി സമയം ഒഴികെയുള്ള സമയങ്ങളിലും അവധിദിവസങ്ങളിലും, പ്രതിഫലം കൈപ്പറ്റാതെ, ബാധകമായ സർവീസ് ചട്ടങ്ങൾക്കും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്കും വിധേയമായി തിരുവനന്തപുരം ജില്ലയിൽ ആയുർവേദ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി.ഷീബാ ബീഗം എം.എസ്,സീനിയർ ക്ലർക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

മുഖാന്തരം)

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B1/150/2025-P&ARD തീയതി 08.08.2025)
5. ആയുഷ് (എ) വകുപ്പ് (AYUSH-A1/306/2025-AYUSH തീയതി 11.01.2026)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/195/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 01-06-2026 11:26:10

സെക്ഷൻ ഓഫീസർ